പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം
അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ,
തിരുവനന്തപുരം –695003, ഫോൺ/ഫാക്സ് - 0471 2727379
ഇമെയിൽ - bcddkerala@gmail.com, വെബ്സൈറ്റ് –www.bcdd.kerala.gov.in

**BCDIR/285/2025-B3** തീയതി :12-05-2025

ഭരണഭാഷ – മാതൃഭാഷ

**വിജ്ഞാപനം**

# പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായ പദ്ധതി 2025-26

സംസ്ഥാനത്ത് കളിമൺപാത്ര നിർമ്മാണം കുലത്തൊഴിലായി സ്വീകരിച്ചിട്ടുള്ള ഒ.ബി.സി വിഭാഗത്തിൽപ്പെട്ട പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നൽകി പ്രസ്തുത തൊഴിൽ അന്യം നിന്ന് പോകാതെ നിലനിർത്തുന്നതിനും ടി തൊഴിലിലേക്ക് പുതുതലമുറയെക്കൂടി ആകൃഷ്ടരാക്കുന്നതിനും മൺപാത്ര ഉപയോഗത്തിന്റെ പ്രാധാന്യം പ്രചരിപ്പിക്കുന്നതിനും വേണ്ടി പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കി വരുന്ന പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം എന്ന പദ്ധതിക്ക് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകൾ www.bwin.kerala.gov.in എന്ന പോർട്ടൽ മുഖേന ഓൺലൈൻ ആയി സമർപ്പിക്കേണ്ടതാണ്. അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

## അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ

1. അപേക്ഷകൻ/അപേക്ഷക സംസ്ഥാനത്തെ മറ്റ് പിന്നാക്ക സമുദായങ്ങളുടെ പട്ടികയിൽ (ഒ.ബി.സി) ഉൾപ്പെട്ട (കുശവൻ, കുംഭാരൻ, കുലാലൻ,കുലാല, കുലാല നായർ, ആന്ധ്ര നായർ, ആന്തുരു നായർ, വേളാൻ, ഓടൻ) സമുദായാംഗമായിരിക്കണം.

2. അപേക്ഷകൻ കേരളീയനായിരിക്കണം.

3. നിലവിൽ മൺപാത്ര നിർമ്മാണ തൊഴിൽ ചെയ്യുന്നവരായിരിക്കണം.

4. കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ കൂടുതലാവരുത്.

5. അർഹരായ അപേക്ഷകർക്കുള്ള പരമാവധി ഗ്രാൻ്റ് 50,000/- രൂപ

ആയിരിക്കും. ആകെ ഉപകരണങ്ങൾ/വർക്ക് ഷെഡ്, ചൂള എന്നിവയുടെ നിർമ്മാണം എന്നീ ചെലവുകളുടെ 50% എന്ന നിബന്ധനയ്ക്ക് വിധേയമായി നിയമാനുസൃതം കരാർ ഒപ്പിടുമ്പോൾ 50% തുക (പരമാവധി 25,000/- രൂപ) ആദ്യഗഡുവായി അനുവദിക്കുന്നു. നിർമ്മാണം പൂർത്തിയാക്കി പിന്നാക്ക വിഭാഗ വികസന വകുപ്പ് ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രത്തിൻ്റെയും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയർ/ഏതെങ്കിലും ലൈസൻസ്ഡ് എഞ്ചിനീയർ നൽകുന്ന 1 ലക്ഷം രൂപയിൽ കുറയാത്ത വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ മാത്രമേ രണ്ടാം ഗഡു ഉൾപ്പടെ പദ്ധതി പ്രകാരമുള്ള ആകെ 50,000/- രൂപ ലഭിക്കുകയുള്ളൂ. അല്ലാത്തവർക്ക് ആകെ ചെലവഴിച്ച തുകയുടെ 50% മാത്രമേ രണ്ടു ഗഡുക്കളായി ലഭിക്കുകയുള്ളൂ. ഫണ്ടിൻ്റെ ലഭ്യതയ്ക്കനുസൃതമായിട്ടായിരിക്കും രണ്ടാം ഗഡു അനുവദിക്കുക. നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുമ്പും ശേഷവുമുള്ള ഫോട്ടോകൾ നിർബന്ധമാണ്.

6. മൺപാത്ര വിപണനം മാത്രം നടത്തുന്നവർക്ക് ഈ പദ്ധതിപ്രകാരം ധനസഹായം അനുവദിക്കുന്നതല്ല.

7. അപേക്ഷ സമർപ്പിക്കുന്നതിനുള്ള പ്രായപരിധി 01.06.2025 തീയതിയിൽ 60 വയസ് കവിയാൻ പാടുള്ളതല്ല.

8. ഇതേ പദ്ധതി പ്രകാരം മുൻ വർഷങ്ങളിൽ ആനുകൂല്യം ലഭിച്ചവരോ, അവരുടെ കുടുംബാംഗങ്ങളോ അപേക്ഷിക്കേണ്ടതില്ല.

9. B-WIN പോർട്ടൽ മുഖേന ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യുന്ന അപേക്ഷകൾ മാത്രമേ പരിഗണിക്കൂ.

10. അപേക്ഷയിൽ മൊബൈൽ നമ്പർ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

11. യാതൊരു കാരണവശാലും ഒരു അപേക്ഷകൻ ഒന്നിലധികം പ്രാവശ്യം രജിസ്ട്രേഷൻ നടത്താൻ പാടുള്ളതല്ല.

12. അപേക്ഷിക്കുന്നവർ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ആധാർ/തിരിച്ചറിയൽ കാർഡിൻ്റെ പകർപ്പ്, റേഷൻ കാർഡിൻ്റെ ആദ്യപേജിൻ്റെ പകർപ്പ്, വസ്തുവിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ്, നിലവിൽ മൺപാത്ര നിർമ്മാണതൊഴിൽ ചെയ്യുന്നവരാണെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവി/സെക്രട്ടറി നൽകുന്ന സാക്ഷ്യപത്രം, ഇതേ ആവശ്യത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം (സെക്രട്ടറി ഒപ്പുവെച്ചത്), വെള്ള കടലാസ്സിൽ തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട്, അപേക്ഷകൻ മൺപാത്ര നിർമ്മാണ തൊഴിലിൽ

ഏർപ്പെട്ടിരിക്കുന്ന ഫോട്ടോ എന്നിവ ഓൺലൈനിൽ upload ചെയ്യേണ്ടതാണ്. അപേക്ഷാഫാറത്തിൻ്റെ പ്രിൻ്റ് ഔട്ട്, അനുബന്ധ രേഖകൾ എന്നിവ പിന്നാക്ക വിഭാഗ വികസന വകുപ്പിലേക്ക് അയക്കേണ്ടതില്ല.

13. ബന്ധപ്പെട്ട റവന്യൂ അധികാരിയിൽ നിന്ന് ഇ-ഡിസ്ട്രിക്റ്റ് മുഖേന ഒരു വർഷത്തിനുള്ളിൽ ലഭിച്ചിട്ടുള്ള വരുമാന സർട്ടിഫിക്കറ്റിൻ്റെ നമ്പരും, സെക്യൂരിറ്റി കോഡും ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടുത്തണം. വാർഷിക വരുമാനം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഒന്നായിരിക്കും.

14. ഓൺലൈൻ രജിസ്ട്രേഷൻ നടത്തുമ്പോൾ നിർബന്ധമായും അപേക്ഷകന്റെ പേരിലുള്ള ലൈവ് ആയ ബാങ്ക് അക്കൌണ്ട് വിവരങ്ങൾ തന്നെ രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്ത പക്ഷം ധനസഹായത്തിനുള്ള അർഹത നഷ്ടപ്പെടുന്നതാണ്. കുടുംബാംഗങ്ങളുടെയോ, മറ്റുള്ളവരുടെയോ പേരിലുള്ള ബാങ്ക് അക്കൌണ്ട് യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

1 5 . ഓൺലൈൻ മുഖേന ലഭ്യമാകുന്ന അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയ്ക്കുശേഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തൊഴിലിടം പരിശോധിച്ച് അർഹത ബോധ്യപ്പെടുന്ന പക്ഷം സർക്കാറുമായി കരാറിൽ ഏർപ്പെടുന്നതിന് ഗുണഭോക്താവിന് അറിയിപ്പ് നൽകുന്നതാണ്. നിർദ്ദേശിക്കുന്ന തീയതിയ്ക്കകം കരാറിൽ ഒപ്പു വയ്ക്കാത്തവരുടെ അപേക്ഷ നിരസിക്കപ്പെടുന്നതാണ്.

16. രണ്ടാം ഗഡുവിന് ഓൺലൈൻ ആയോ, മാന്വൽ ആയോ അപേക്ഷ സമർപ്പിക്കേണ്ടതില്ല. ആദ്യഗഡു ലഭിച്ച് 45 ദിവസത്തിനകം നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് Valuation Certificate ഓൺലൈനായി upload ചെയ്യേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തിയതിനുശേഷം മാത്രമേ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് രണ്ടാം ഗഡു അനുവദിക്കുകയുള്ളു.

17. മുൻ വർഷങ്ങളിൽ മാന്വൽ ആയി ആദ്യഗഡു കിട്ടിയവർ രണ്ടാം ഗഡുവിന് ആദ്യഗഡു കിട്ടിയ ആഫീസിൽ Valuation Certificate സമർപ്പിച്ചാൽ മതിയാകുന്നതാണ്.

18. കരാർ പ്രകാരമുള്ള സമയപരിധിയ്ക്കകം നവീകരണം പൂർത്തിയാക്കി Valuation Certificate ഹാജരാക്കാത്തവരിൽ നിന്നും 18% പലിശ സഹിതം തുക തിരികെ ഈടാക്കുന്നതാണ്.

19. 2024 വർഷം ഓൺലൈനായി അപേക്ഷിച്ചിട്ടും ആനുകൂല്യം ലഭിക്കാത്തവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല. ആയത് ഈ സാമ്പത്തിക വർഷം

പരിഗണിക്കുന്നതാണ്.

**20.** ഈ പദ്ധതി സംബന്ധിച്ച് തുടർന്നുള്ള എല്ലാ അറിയിപ്പുകളും **www.bcdd.kerala.gov.in, www.bwin.kerala.gov.in** എന്നീ വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതാണ്. വ്യക്തിഗത അറിയിപ്പുകൾ ഉണ്ടായിരിക്കുന്നതല്ല.

**21.** പരിശോധനാ വേളയിൽ ഗുണഭോക്താവ് വിജ്ഞാപന മാനദണ്ഡ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നു എന്ന് വകുപ്പ് ഉദ്യോഗസ്ഥർക്ക് ബോധ്യപ്പെടുന്നപക്ഷം അപേക്ഷ നിരസിക്കുന്നതിനുള്ള പൂർണ്ണ അധികാരം വകുപ്പിൽ നിക്ഷിപ്തമാണ്.

**22.** കൂടുതൽ വിവരങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ആഫീസുകളുടെ ഫോൺ നമ്പറുകളിലോ, ഇ-മെയിൽ വിലാസങ്ങളിലോ (ചുവടെ പട്ടികപ്പെടുത്തുന്നു) ബന്ധപ്പെടാവുന്നതാണ്. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി **31.05.2025**

| സ്ഥാപനം സ്ഥിതി ചെയ്യുന്ന ജില്ല | ബന്ധപ്പെട്ട ഓഫീസ് |
|---|---|
| തിരുവനന്തപുരം,കൊല്ലം, പത്തനംതിട്ട | മേഖലാ ഡെപ്യൂട്ടി ഡയറക്ടർ പിന്നാക്ക വിഭാഗ വികസന വകുപ്പ്, ടി.കെ മാധവൻ മെമ്മോറിയൽ ബിൽഡിംഗ്, കപ്പലണ്ടി മുക്ക്, മുണ്ടയ്ക്കൽ, കൊല്ലം 691001 ഫോൺ 0474-2914417<br>E- mail id: bcddklm@gmail.com |
| ആലപ്പുഴ,എറണാകുളം, കോട്ടയം, ഇടുക്കി | മേഖലാ ഡെപ്യൂട്ടി ഡയറക്ടർ പിന്നാക്ക വിഭാഗ വികസന വകുപ്പ് , സിവിൽ സ്റ്റേഷൻ, രണ്ടാം നില,കാക്കനാട് എറണാകുളം 682030<br>ഫോൺ - 0484-2429130<br>E-mail id:bcdderanakulam@gmail.com |
| തൃശ്ശൂർ,പാലക്കാട്, മലപ്പുറം | മേഖലാ ഡെപ്യൂട്ടി ഡയറക്ടർ പിന്നാക്ക വിഭാഗ വികസന വകുപ്പ്,<br>നാലാം നില- മിനി സിവിൽ സ്റ്റേഷൻ,സ്വാതി ജംഗ്ഷൻ,ആലത്തൂർ-678541<br>ഫോൺ-0492 2222335<br>E- mail id:bcddpkd@gmail.com |
| | മേഖലാ ഡെപ്യൂട്ടി ഡയറക്ടർ പിന്നാക്ക വിഭാഗ വികസന വകുപ്പ് സിവിൽ സ്റ്റേ |

| | |
|---|---|
| കോഴിക്കോട്,കണ്ണൂർ,വയനാട്, കാസറഗോഡ് | ഷൻ കോഴിക്കോട് 673020<br>ഫോൺ - 0495-2377786<br>E- mail id:calicutbcdd@gmail.com |

വിശ്വസ്തതയോടെ,

Signed by
G Sidharthan
ഡയറക്ടർ ഇൻ ചാർജ്ജ്
Date: 12-05-2025 13:07:03

പകർപ്പ്:

1. ഗവ. അഡീഷണൽ ചീഫ് സെക്രട്ടറി, പിന്നാക്ക വിഭാഗ വികസന വകുപ്പ് (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (ഉപരിപത്രം സഹിതം)
3. ഇൻഫർമേഷൻ ഓഫീസർ, വെബ് ആൻ്റ് ന്യൂ മീഡിയ
4. മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പിവിവിവ - കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട്
5. ഐ.ടി ഡിവിഷൻ, കോർഡിനേറ്റർ, പി.വി.വി.വ (വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)
6. ഡയറക്ടറുടെ മേശ മേൽ
7. നോട്ടീസ് ബോർഡ്
8. കരുതൽ/അധികം